"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീ മനോജ്കുമാർ കെ ബി - ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

**സ.ഉ.(സാധാ) നം.811/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/03/2021

---

പരാമർശം:- 1. 22.08.2019 തീയതിയിലെ സ.ഉ(സാധാ) നം.1817/2019/ത.സ്വ.ഭ.വ

2. മുഖ്യനഗരാസൂത്രകന്റെ 30.12.2020 ലെ TCPCTP/1528/2020..A3നമ്പർ കത്ത്.

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 01.12.2020ലെ GE11/A/TPM-31/0586 നമ്പർ കത്ത്.

**ഉത്തരവ**

നഗരഗ്രാമാസൂത്രണ വകുപ്പിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് 26.08.2019 മുതൽ തൃശ്ശൂർ ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ മനോജ്കുമാർ കെ ബി , ടി തസ്തികയിലെ നിരീക്ഷണ കാലയളവായ തുടർച്ചയായ ഒരു വർഷത്തിൽ 6 മാസത്തെ സേവനം 25.02.2020-ന് അപരാഹ്നത്തിൽ പൂർത്തിയായിട്ടുള്ളതായും നിരീക്ഷണ കാലയളവിലെ ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാന്റെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടിയോ ഇല്ലായെന്നും ടിയാന്റെ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു..

ടിയാൻ നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും എടുത്തിയിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 26.08.2019 പൂർവാഹ്നത്തിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ തൃശ്ശൂർ ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീ മനോജ്കുമാർ.കെ.ബി. യുടെ ടി തസ്തികയിലെ നിരീക്ഷണകാലം കെ.എസ്.&എസ്.എസ്ആർ റൂൾ 20 (ബി) പ്രകാരം 26.02.2020 പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Validity unknown
Digitally signed by JOHN V SAMUEL
Reason: Approved

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജോൺ വി സാമുവൽ ഐ എ എസ്**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

ശ്രീ മനോജ്കുമാർ കെ ബി, ഡെപ്യൂട്ടി ടൗൺ പ്ലാനർ, (മുഖ്യനഗരാസൂത്രകൻ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/35/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ